# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറാക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എം.പി.എം/13/1794/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/10/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എം.പി.എം/13/1794/2024 തീയ്യതി: 08/10/2024

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2023 മുതൽ 04-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2024 | 14-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2024 | 14-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ സത്താർ.സി.പി,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്
ശ്രീ.ആലസ്സൻകുട്ടി.യു, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മിഥുൻ | സെക്രട്ടറി | 01-04-2023 | 12-07-2023 |

| | | | |
|---|---|---|---|
| കൈലാസ്.സി.എ | | | |
| ശ്രീമതി.ബിജി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2023 | 09-08-2023 |
| ശ്രീ.അഹമ്മദ് ഉസ്മാൻ.വി | സെക്രട്ടറി | 10-08-2023 | 10-12-2023 |
| ശ്രീമതി.ബിജി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-12-2023 | 31-03-2024 |
| ശ്രീമതി സജിത നന്നേങ്ങാടൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിജി.എസ് | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.അബ്ദുൽ ഖാലിക്ക്.സി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.ആരിഫ്.എം | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ഡോ. സബീല | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീ.അബ്ദുൾ സലീം | കൃഷി ഓഫീസർ | 01-04-2023 | 30-11-2023 |
| ശ്രീമതി.ജുമൈല.കെ | കൃഷി ഓഫീസർ(അഡീഷനൽ ചാർജ്ജ്) | 01-12-2023 | 31-03-2024 |
| ഡോ.അബ്ദുള്ള.കെ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. സൈനബ കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. അയ്യൂബ് ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ശിവദാസൻ | വി.ഇ.ഒ(മാറാക്കര സർക്കിൾ) | 01-04-2023 | 30-09-2023 |
| ശ്രീമതി.ദിവ്യ | വി.ഇ.ഒ(മാറാക്കര സർക്കിൾ അഡീഷനൽ ചാർജ്ജ്) | 01-10-2023 | 14-11-2023 |
| ശ്രീമതി.സൗമ്യ.എൻ.എൽ | വി.ഇ.ഒ(മാറാക്കര സർക്കിൾ) | 15-11-2023 | 08-01-2024 |
| ശ്രീമതി.വൃന്ദ | വി.ഇ.ഒ(മാറാക്കര സർക്കിൾ അഡീഷനൽ ചാർജ്ജ്) | 09-01-2024 | 31-03-2024 |
| ശ്രീമതി.ദിവ്യ | വി.ഇ.ഒ(മേൽമുറി സർക്കിൾ) | 01-04-2023 | 18-11-2023 |
| ശ്രീമതി.സൗമ്യ.എൻ.എൽ | വി.ഇ.ഒ(മേൽമുറി സർക്കിൾ അഡീഷനൽ ചാർജ്ജ്) | 19-11-2023 | 07-12-2023 |
| ശ്രീമതി.വൃന്ദ | വി.ഇ.ഒ(മേൽമുറി സർക്കിൾ) | 08-12-2023 | 31-03-2024 |
| ശ്രീമതി. ബിസ്ന | ഫിഷറീസ് ഇൻസ്പെക്റ്റർ | 01-04-2023 | 31-03-2024 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റീ കൺസിലിയേഷൻ പത്രകികകളിലെ തുകകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല. | 1-1-1 |
| 3 | ഡെപ്പോസിറ്റ് രജിസറ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ലേല രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് റീകൺസിലിയേഷൻ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | എൻ.ആർ.ഇ.ജി.എസിന് നൽകിയ അഡ്വാൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് ബുക്ക് കൃത്യമായി റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ:അവലോകനം | 1-11 |
| 20 | തൊഴിൽ നികുതി പിരിവിലെ അപാകത | 1-12 |
| 21 | ലൈസൻസ് പിരിവിൽ അപാകത | 1-13 |
| 22 | ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-14 |
| 23 | വസ്തു നികുതി-ഉപയോഗ്രമം തെറ്റായി രേഖപ്പെടുത്തി | 1-15 |
| 24 | വസ്തു നികുതി കുറവായി ഈടാക്കി | 1-16 |
| 25 | വിജയഭേരി-ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-17 |
| 26 | പഞ്ചായത്തിലെ ലൈബ്രറികളിലേക്ക് ദിനപത്രം-രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 27 | രസീതി ബുക്കുകൾ-സ്റ്റോക്ക് രജിസ്റ്റർ--പരിപാലനത്തിലെ അപാകത | 1-19 |
| 28 | മെൻസ്ട്രുവൽ കപ്പ്- വിതരണ വിവരം അറിയിക്കേണ്ടതാണ്. | 1-20 |
| 29 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അമ്പേഷത്തിന് മറുപടിയായി തിരിച്ചടവാക്കി | 1-21 |
| 30 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.ക്യാഷ്ബുക്കിൽ ആയത് രേഖപ്പെടുത്തുന്നില്ല. | 1-22 |
| 31 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു. | 1-23 |
| 32 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-24 |
| 33 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-25 |
| 34 | വാങ്ങൽ നടപടികൾ പാലിക്കാതെ തൈകൾ വാങ്ങി. | 1-26 |
| 35 | പോസ്റ്റ് മാറ്റിവെക്കൽ- വിനിയോഗ വിവരം ലഭ്യമല്ല | 1-27 |
| 36 | സോളാർ ലൈറ്റ് റിപ്പയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 37 | പഞ്ചായത്ത് ഓഫീസ് കംമ്പ്യൂട്ടർ വൽക്കരണം - പ്രിന്ററുകൾ ലഭ്യമായില്ല. | 1-29 |

| | | |
|---|---|---|
| 38 | ഹോമിയോ, ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല. | 1-30 |
| 39 | ഹരിതമിത്രം- പൂർത്തീകരണ വിവരം ലഭ്യമല്ല | 1-31 |
| 40 | കുടിവെള്ള പദ്ധതികൾ-വൈദ്യുതി ചാർജ് അടക്കൽ-അപാകതകൾ | 1-32 |
| 41 | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | 1-33 |
| 42 | ഗ്രാമ പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷൂറൻസ് കേരളാ സംസ്ഥാന ഇൻഷൂറൻസ് വകുപ്പിൽ അടവാക്കിയില്ല. | 1-34 |
| 43 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പാക്കി. | 1-35 |
| 44 | തെരുവു വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-36 |
| 45 | ലൈഫ് ഭവന പദ്ധതി ജനറൽ-അപാകതകൾ | 1-37 |
| 46 | ബയോബിൻ വിതരണം-വിതരണത്തിലെ അപാകതകൾ | 1-38 |
| 47 | റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ അപാകത | 1-39 |
| 48 | സ്കോളർഷിപ്പ് തുക അധികമായി നൽകി | 1-40 |
| 49 | കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തു | 1-41 |
| 50 | ഡോക്ടർ നിർദേശിക്കാത്ത ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തു | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി :

## 1-1-1 റീ കൺസിലിയേഷൻ പത്രികകളിലെ തുകകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല.

മാറാക്കര ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത് പരിശോധിച്ചപ്പോൾ പല സ്റ്റെയ്ൽ ചെക്കുകളും അക്കൗണ്ടിലേക്ക് വരവ് വെച്ചിട്ടില്ല എന്ന് കണ്ടു.കൂടാതെ ഡെപ്പോസിറ്റ് ചെയ്ത പല ചെക്കുകളും ക്ലിയർ ചെയ്യാൻ അവശേഷിക്കുന്നതായും ദീർഘ നാളായി ബാങ്ക് ഡയറക്റ്റിലി ക്രെഡിറ്റ് ചെയ്ത പല തുകകളും ബാങ്ക് ബുക്കിലേക്ക് വരവ് വെക്കാൻ അവശേഷിക്കുന്നതായും കണ്ടു.വിശദ വിവരം ഖണ്ഡിക1-40 ൽ കൊടുത്തിട്ടുണ്ട്

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത ഇനങ്ങളിൽ മുന്നിരിപ്പ് ഉള്ളതായി കാണുന്നു.എന്നാൽ ആയതിന്റെ വിവരണം രജിസ്റ്ററിൽ ലഭ്യമല്ല.മൂന്ന് വർഷം പൂർത്തിയായ ഡെപ്പോസിറ്റ് ഇനങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

| ഇനം | മുന്നിരിപ്പ് |
|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 72350 |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 82666 |
| ഇലക്ഷൻ ഡെപ്പോസിറ്റ് | 94500 |
| സപ്ലയേഴ്സ് ഇ.എം.ഡി | 103402 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 39800 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 25651 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 44500 |

## 1-1-3 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

B-18 പ്രകാരം 800,000/- രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം രജിസ്റ്ററിൽ ലഭ്യമല്ല.

## 1-1-4 ലേല രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

RP-5 പ്രകാരം ഓക്ഷൻ ഓഫ് ഒബ്ബലീറ്റ് അസറ്റ് ഇനത്തിൽ 17650/- രൂപയുടെ വരവ് ഉണ്ടെങ്കിലും ലേലം രജിസ്റ്ററോ ഫയലോ ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 ബാങ്ക് ബുക്ക് പ്രകാരമുളള നീക്കിയിരിപ്പ് റീകൺസിലിയേഷൻ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ബുക്ക് പ്രകാരം സബ് ട്രഷറി വളാഞ്ചേരി(A/C No: 799011400003088)യിലെ നീക്കിയിരിപ്പ് 1712002/- രൂപയാണ്.എന്നാൽ ആയത് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 0 ആണ്.

## 1-1-6 ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് I-6 പ്രകാരം 20454673/- രൂപയാണ്. എന്നാൽ ആയത് എ.സി.ആർ പ്രകാരം(സോഴ്സ് ഡിഡക്ഷൻ ചെലവ് ഉൾപ്പെടെ) 20469673/- രൂപയാണ്.

## 1-1-7 എൻ.ആർ.ഇ.ജി.എസിന് നൽകിയ അഡ്വാൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

RP-49 പ്രകാരം എൻ.ആർ.ഇ.ജി.എസിന് നൽകിയ അഡ്വാൻസ് തുക 1440379/- രൂപയാണ്.എന്നാൽ എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരം ആയത് 1448240/- രൂപയാണ്.

## 1-1-8 ബാങ്ക് ബുക്ക് കൃത്യമായി റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നില്ല

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വൈദ്യുതി പോസ്റ്റ് മാറ്റി വെക്കുന്നതിനായി (പ്രൊജക്ട് നം181/24) പ്രകാരം 92933/-രൂപ കെ.എസ്.ഇ.ബിക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ആയതിൽ 20883/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് വാർഷിക കണക്കിൽ B-18 ൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| തീരുമാനം നം.1(1)/22.03.2023 | തീരുമാനം നം.3(1)/31.01.2024 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---:|
| മുന്നിരിപ്പ് | 39274702 |
| വരവ് | 207,231,332 |
| ആകെ | 246506034 |
| ചെലവ് | 196424631 |
| നീക്കിയിരിപ്പ് | 50,081,403 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ ( ) | ചെലവ് ( ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20636938 | 20636938 | 17719611 | 2917327 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 2962074 | 2962074 | 2959772 | 2302 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 21203350 | 21203350 | 10760449 | 10442901 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4966600 | 4966600 | 4898695 | 67905 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 2904500 | 2904500 | 3933062 | -1028562 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3873000 | 3873000 | 3541811 | 331189 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ( ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 178562779* | 195 | 96974346 | 0 | 78 | 71.42% |

*സോഴ്സ് ഡിഡക്ഷൻ ചെലവ് ഉൾപ്പെടെ

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 81482 | 1432555 | 1514037 | 1513801 | 236 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1896810 | 1896810 | 1896810 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1209600 | 102 |
| വിധവാപെൻഷൻ | 16537600 | 1454 |
| വാർദ്ധക്യകാലപെൻഷൻ | 29582100 | 2815 |
| വികലാംഗപെൻഷൻ | 5626700 | 542 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 248400 | 26 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2024 ന് 01.00 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20672/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സായാഹ്ന ഓ. പി. യുടെ പ്രവർത്തന സമയം കാണിക്കുന്ന വിവരം FHCയിൽ പരസ്യപ്പെടുത്തിയിട്ടില്ല. ഈ പ്രൊജക്ട് 2024-25 വർഷത്തിലും നടപ്പിലാക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി, 8-8-24ന് ആശുപത്രിയിൽ നേരിട്ട്

പരിശോധിച്ചപ്പോഴും ഇത്തരത്തിൽ അറിയിപ്പുകളോ, ബോർഡുകളോ അവിടെ സ്ഥാപിച്ചിട്ടില്ല. ഇക്കാര്യം നിലവിലെ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.
2. പരാതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
3. മൂവ്മെന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
4.മാലിന്യ സംസ്കരണത്തിനായി എം.സി.എഫ്,മിനി എം.സി.എഫ് എന്നിവ നാളിത് വരെ സ്ഥാപിച്ചിട്ടില്ല.
5.ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.
6.എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയ മാസ്റ്റർ ഇങ്കുമ്പെൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. ഇ.പെയ്മെന്റിന് വേണ്ടി ഉപയോഗിക്കുന്ന വിവിധ കറന്റ് അക്കൗണ്ടുകളിലെ തുകകൾ പ്രതിമാസം നിശ്ചിത തീയതിയിൽ സേവിങ്ങ്സ് അക്കൗണ്ടുകളിലേക്ക് മാറ്റി പലിശയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01/10.2022 To 31.10.2022 | ലഭ്യമായിട്ടില്ല |
| എ.ജി ഓഡിറ്റ് | 24.07.2017 | 2012-13 To 2016-2017 | 26.07.2017 |

## 1-11 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ:അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം മാറാക്കര ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 40404 (2012 സാമൂഹ്യ ക്ഷേമ വകുപ്പ് സർവ്വേ പ്രകാരം ) |
| ആകെ വാർഡുകളുടെ എണ്ണം | 20 |
| ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 13355 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 860 |
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 40 |
| വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | ഉണ്ട് |

ഗ്രാമ പഞ്ചായത്തിലെ ഓരോ വീട് / കടയിൽ നിന്നും മാസത്തിൽ ഒരു തവണ എന്നരീതിയിൽ കലണ്ടർ തയ്യാറാക്കി ഷെഡ്യൂൾ ചെയ്ത് മാലിന്യ ശേഖണം മാലിന്യം ശേഖരണം നടത്തുന്നുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി എല്ലാ വാർഡിലും 'ഹരിത ഗ്രാമസഭ' സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ തലത്തിലും വാർഡ് തലത്തിലുമായി ബോധവൽകരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്.കൂടാതെ, 2023 വർഷം മുതൽ ഗ്രാമപഞ്ചായത്തിൽ വരുന്ന എല്ലാ അപേക്ഷകളിലും ഹരിത കർമ്മസേനയുടെ യൂസർഫീ കാർഡിന്റെ പകർപ്പ്നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന വീടുകൾ / സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| വാർഡ് നമ്പർ | തുടർച്ചയായി സഹകരിക്കുന്ന ഭവനങ്ങൾ/ ആകെ ഭവനങ്ങൾ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന സ്ഥാപനങ്ങൾ/ആകെ സ്ഥാപനങ്ങൾ |
|---|---|---|
| 1 | 318/ 645 | 14/26 |
| 2 | 268/659 | 4/10 |
| 3 | 319/752 | 12/18 |
| 4 | 225/559 | 9/20 |
| 5 | 199/535 | 1/11 |

| | | |
|---|---|---|
| 6 | 386/913 | 15/148 |
| 7 | 303/683 | 6/32 |
| 8 | 160/606 | 5/19 |
| 9 | 372/669 | 6/19 |
| 10 | 420/747 | 13/35 |
| 11 | 179/675 | 8/8 |
| 12 | 300/753 | 28/48 |
| 13 | 280/678 | 8/20 |
| 14 | 304/687 | 225/260 |
| 15 | 311/628 | 38/31 |
| 16 | 282/574 | 10/36 |
| 17 | 219/657 | 2/8 |
| 18 | 288/601 | 10/16 |
| 19 | 314/716 | 10/18 |
| 20 | 238/618 | 20/70 |
| ആകെ | 5685/13355 | 437/860 |

2)മാലിന്യശേഖരണ കാര്യക്ഷമത-

ഗ്രാമപഞ്ചായത്ത് 16 ാം വാർഡിലെ എസി.നിരപ്പിലാണ് എം സി എഫ് സ്ഥിതി ചെയ്യുന്നത്. നിലവിൽ വാടക കെട്ടിടത്തിലാണ് എം സി എഫ് പ്രവർത്തിക്കുന്നത്. ഓഡിറ്റ് വർഷം 1,39,560 രൂപ വാടകനൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനുതകുന്ന ഒരു നിയമാവലി ഗ്രാമ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.ഹരിതമിത്രം ആപ്പ് വഴി യൂസർ ഫീ ശേഖരിച്ചാണ് 40 ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം നൽകുന്നത്. എന്നാൽ നാളിതുവരെ എല്ലാ വീടുകളും സ്ഥാപനങ്ങളും ഹരിതമിത്രം ആപ്പുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടില്ല

3)മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. MCF ൽ എത്തുന്ന മാലിന്യം വേർതിരിച്ചു പരിപാലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉറവിടത്തിൽ തന്നെ വേർതിരിച്ചു ലഭിക്കുന്നത് 70 ശതമാനത്തിനു മുകളിലാണ്. റിജക്ട്ട് വേസ്റ്റ് നീക്കം ചെയ്യുന്നത് ഇക്കോഗ്രീൻ കോട്ടക്കൽ കമ്പനിയാണ്.

4)റീസൈക്ലിംഗ്

വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ , ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.നിലവിൽ മിനി MCF റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് എല്ലാ വാർഡിലും 'ഹരിത ഗ്രാമസഭ' സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. .കൂടാതെ, 2023 വർഷം മുതൽ ഗ്രാമപഞ്ചായത്തിൽ വരുന്ന എല്ലാ അപേക്ഷകളിന്മേലും ഹരിത കർമ്മസേനയുടെ യൂസർഫീ കാർഡിന്റെ പകർപ്പ്നിർബന്ധമാക്കിയിട്ടുണ്ട്.ക്യൂ ആർകോഡ് സ്ഥാപിച്ച് യൂസർഫീ അടവാക്കാത്തവരെ കണ്ടുപിടിച്ച് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രത്യക്ഷമായി തൊഴിൽ നല്കുന്നതിനും റിജക്ഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിനും സാധിക്കുന്നു.

7)അടിസ്ഥാനസൗകര്യവികസനം

അടിസ്ഥാനസൌകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.നിലവുള്ളസ്ഥലം തികയാത്ത അവസ്ഥയുണ്ട് ബെയ് ലിംഗ് മെഷീൻ,

അനുബന്ധസൗകര്യങ്ങളും നിലവിലില്ല.

8)പാരിസ്ഥിതികആഘാതം

പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. എന്നാൽ ഇക്കോഗ്രീൻ കോട്ടക്കൽ കമ്പനി സമയബന്ധിതമായി കൃത്യനിഷ്ഠയോടും കൂടി റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകാതിരിക്കുന്നത് സ്ഥലപരിമിതിയുടെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

9)പരിശീലനവുംവികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും ശുചിത്വമിഷനും ഹരിതസഹായ സ്ഥാപനമായ പരിശീലനങ്ങൾ നല്കിവരുന്നുണ്ട്. ഹരിതമിത്രം ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരിശീലനം കെൽട്രോണുംനല്കിയിട്ടുണ്ട്.ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ്സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

10)നിയമങ്ങൾപാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതായി വിവരമില്ല. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പിഴ ഈടാക്കിയിട്ടുണ്ട്.

11)ഹരിതകർമ്മസേനാംഗങ്ങളുടെപ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലേയ്ക്ക് 40 ഹരിതകർമ്മസേനാംഗങ്ങളാണ് ഉള്ളത്. തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി റെയിൻകോട്ട്, ഗ്ലൗസ് , ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.യൂനിഫോറവും നൽകിയിട്ടുണ്ട്.എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. സ്ഥല സൗകര്യമുള്ള MCF ഇല്ലാത്തതിനാൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) നിലവിലില്ല.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/താത്കാലികം | MCF താൽകാലികം 1 എണ്ണം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഷ്രെഡ്ഡിംഗ്& ബെയ്ലിംഗ് യൂണിറ്റ് നാളിതുവരെയും സ്ഥാപിച്ചിട്ടില്ല. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ഇല്ല |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഇല്ല |
| 5)അവയ്ക്ക് അടിസ്ഥാന ഉസൗകര്യങ്ങൾ ഉണ്ടോ (ട്രാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | ഇല്ല |
| 6)അവയിലേയ്ക്ക് റോഡ് ഗതാഗത സൌകര്യം ഉണ്ടോ | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഉണ്ട് |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൈമാറുന്നതിലുള്ള വിമുഖത മാറിവരുന്നു. ഇനിയും വളരെയെറെ മുന്നേറാനുണ്ട്.ഇക്കാര്യത്തിൽ കൂടുതൽ ബോധവൽക്കരണ നടപടികൾ ആവശ്യമാണ്.നിലവിൽ അതത് ദിവസം തന്നെ ശേഖരിച്ച മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നുണ്ട്. .

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം/അജൈവം | 350 കിലോ (അജൈവം) |
| 2) ആകെ വിസ്തൃതി | MCF<br>113. ച. മീ |
| | |

| | |
|---|---|
| 1. ടാപ്പിംഗ് ഏരിയ - | 113 ച. മീ |
| 2. സ്റ്റോറേജ് ഏരിയ - | |
| 3. സോർട്ടിംഗ് ഏരിയ - | |
| 4. മെഷിനറി ഏരിയ | |
| 5. കളക്ഷൻ ഏരിയ | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്ടഡ് വേസ്റ്റ് **ഇക്കോഗ്രീൻ കോട്ടക്കൽ** എന്ന കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

5)ശുചിത്വമാനദണ്ഡങ്ങൾ

ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി സമ്പൂർണ്ണശുചിത്വ മാറാക്കര എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

6)യഥാസമയം മാലിന്യം**ഇക്കോഗ്രീൻ കോട്ടക്കൽ** കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച്

റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് **ഇക്കോഗ്രീൻ കോട്ടക്കൽ** കമ്പനിയാണ്. കമ്പനിക്ക് മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടെങ്കിലും കമ്പനി ടി സാധനങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്

മറ്റു വിവരങ്ങൾ

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | നം. 91/24<br>ഹരിതമിത്രം | CFC/തനത് ഫണ്ട് | 4,00,000 | 192900 |
| 2 | നം. 300/24<br>എം.സി.എഫിൽ സുരക്ഷാ സംവിധാനം ഒരുക്കൽ | തനതുണ്ട് | 100000 | 18718 |
| 3 | നം. 314/24<br>CKCLകമ്പനിക്ക് കുടിശ്ശിക തുക അടവാക്കൽ | വികസന ഫണ്ട് | 400000 | 162550 |
| 4 | നം. 255/24<br>MCF വാടക നൽകൽ | തനത് ഫണ്ട് | 303516 | 139560 |
| 5 | നം. 315/24<br>റിജക്ടഡ് മാലിന്യം കൊണ്ട് പോകുന്നതിന് എക്കോഗ്രീനിന് തുക നൽകൽ | വികസന ഫണ്ട് | 3,00,000 | 222394 |
| 6 | നം.. 151/24<br>ഹരിത കർമ്മസേന | CFC | 200000 | 128954 |
| 7 | നം.236/24<br>ക്ലീൻ മാറാക്കര | CFC | 99500 | 76600 |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഹരിതകർമ്മസേനയുമായി സഹകരിക്കുന്ന വീടുകളുടെയും വ്യപാരസ്ഥാപനങ്ങളുടെയും എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതിനാവശ്യമായ ബോധവത്കരണം നടത്തണം.
2. ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ ,ക്ലബുകൾ എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
3. സമ്പൂർണ്ണ മാലിന്യ സംസ്ക്കരണം എന്ന ലക്ഷ്യത്തിലേക്ക് ഇനിയും ബഹുദൂരം ഗ്രാമപഞ്ചായത്തിന് സഞ്ചരിക്കാനുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന വെല്ലുവിളിയായ മാലിന്യ സംസ്ക്കരണം എന്ന നീറുന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്ക്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സജീവ ഇടപെടൽ നടത്തേണ്ടതും നിയമം ലംഘിക്കുന്നവർക്കെതിരെ കർക്കശ നിലപാട് (ഫൈൻ) സ്വീകരിക്കേണ്ടതാണ്. ആയതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകത

മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ ചുവടെ കൊടുത്തത് പ്രകാരം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സഫ മെഡ്കെയർ | 10 |
| 2 | ഹെൽത്ത് കെയർ സെന്റർ | 8 |
| 3 | ഫാത്തിമ മെഡിക്കൽ സെന്റർ | 4 |
| 4 | കാടാമ്പുഴ ഡെന്റൽ ക്ലിനിക് | 4 |
| 5 | ബേബി മെഡിക്കൽ സെന്റർ | 5 |
| 6 | ഐഡാൻ ആയുർവ്വേദ ഹോസ്പിറ്റൽ | 4 |
| 7 | FHC ഡയാലിസിസ് സെന്റർ | ജീവതക്കാരുടെ എണ്ണം ലഭ്യമല്ല |

എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

2.ലൈസൻസ് അപേക്ഷ/രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ.നം | ലൈസൻസിയുടെ പേര് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 397 | അബ്ദു | ഇന്റർ ലോക്ക്,ഹോളോബ്രിക്സ് കൺട്രസ്ട്രക്ഷൻ | 12 |
| 131 | ഹരികൃഷ്ണൻ | ദേവികൃപ പൂജ സ്റ്റോർ | 8 |
| 362 | മുഹമ്മദ് ഷരീഫ് | ബേക്കറി നിർമ്മാണം | 7 |
| 593 | ഹംസ | ന്യൂടെച്ച് ഓട്ടോ ഗാര്യേജ് | 5 |
| 570 | മൊയ്തീൻ കുട്ടി | സൂപ്പർ മാർക്കറ്റ് | 5 |
| 110 | മുഹമ്മദ് നൗഫൽ | ഇന്റർലോക്ക് നിർമ്മാണം | 5 |
| 343 | അനൂപ് ഇബ്രാഹീം | സുധ ചിപ്പിംഗ് യൂണിറ്റ് | 5 |
| 349 | ഷറഫുദ്ധീൻ.പി | സിമന്റ് കച്ചവടം | 5 |
| 356 | ഫാത്തിമത്ത് സുഹറ | ഭക്ഷണപദാർത്ഥങ്ങൾ നിർമ്മാണം,പാക്കിംഗ്,വിൽപന | 5 |
| 357 | മുഹമ്മദ് അബ്ദുൽ ബാരി | ഭക്ഷണപദാർത്ഥങ്ങൾ നിർമ്മാണം,പാക്കിംഗ്,വിൽപന | 5 |
| 317 | അബ്ദു സ്സമദ് | വെഹിക്കിൾ ആക്സസറീസ് ഷോപ്പ് | 4 |
| 159 | ചന്ദ്ര പ്രഭ | ടെക്സ്റ്റൽസ് | 4 |
| 137 | അബൂബക്കർ സിദ്ധീക്ക് | ടെക്സ്റ്റൽസ് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വകുപ്പ് 205 ഇ പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റേയും വകുപ്പ് 205 എഫ് പ്രകാരം നികുതി തിട്ടപ്പെടുത്തി പഞ്ചായത്തിൽ ഒടുക്കാൻ ആവശ്യപ്പെടുകയും ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും വിവരം ലഭ്യമാക്കേണ്ടതാണ്.

3. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുക്കുന്ന കോൺട്രാക്ടർമാർ പഞ്ചായത്തിൽ വ്യത്യസ്ഥ പ്രവർത്തികൾക്കുള്ള കരാറിൽ ഏർപ്പെട്ടതായി കണ്ടു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് | കരാറിൽ ഏർപ്പെട്ട പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | അബ്ദുൽ കരീം | 10 |
| 2 | മുഹ്സിൻബിൻ ഹുസൈൻ | 9 |
| 3 | ബഷീർ.വി.പി | 6 |
| 4 | നിഖിൽ.എ.കെ | 4 |
| 5 | സൈതാലിക്കുട്ടി | 10 |
| 6 | ജയകൃഷ്ണൻ | 10 |
| 7 | നൗഷാദ്.എ | 6 |
| 8 | ജാസിർ | 11 |
| 9 | വിനോദ് കുമാർ | 9 |
| 10 | രമേഷ്.കെ.പി | 12 |
| 11 | മുഹമ്മദ് ഹനീഫ | 4 |
| 12 | മുഹമ്മദ് തസ്നീം | 3 |
| 13 | ഹുസൈൻ.എം.പി | 6 |
| 14 | അബ്ദു സ്സലാം | 1 |
| 15 | അബ്ദു റസാക്ക് | 1 |
| 16 | മധുസൂദനൻ | 1 |
| 17 | നിഥൽ ലക്ഷ്മിവീട് | 2 |

എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ വ്യക്തികളിൽ നിന്ന് ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

4.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/09.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ് പിരിവിൽ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് ആയത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ .നം | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 14 | കെ.സി ഹൈദ്രു | പ്രിന്റിംഗ് പ്രസ്സ് | 100 |
| 314 | കെ.പി വാസുദേവൻ നമ്പൂതിരി | വുഡ് ഇൻഡസ്ട്രീസ് | 100 |
| 315 | കെ.പി വാസുദേവൻ നമ്പൂതിരി | റൈസ് മിൽ | 100 |
| 11 | ബാവ.സി.പി | റൈസ് മിൽ | 200 |
| 17 | അബ്ദുസ്സമദ് | ഹോം അപ്ലയൻസസ് ഷോപ്പ് | 200 |
| 22 | മണികണ്ഠൻ | വെള്ളി ആഭരണ വിൽപന | 200 |
| 39 | മുഹമ്മദ് ഹനീഫ | ടെക്സ്റ്റൈൽസ്&ഫൂട്ട്വെയർ | 200 |
| 151 | മുഹമ്മദ് ഇസ്മായീൽ | ടെക്സ്റ്റൈൽസ് | 200 |
| 191 | ആയിഷ& അനീഷ | ടെക്സ്റ്റൈൽസ് | 200 |
| 308 | കുട്ടൻ | വെള്ളി ആഭരണ വിൽപന | 200 |
| 332 | സുഹൈബ് | റൈസ്& ഫ്ലോർ മിൽ | 200 |
| 352 | മുഹമ്മദ് കുട്ടി | ഫ്ലോർ മിൽ | 200 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/09.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.കൂടാതെ 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ 8 പ്രകാരം മെഡിക്കൽ ഓഫീസറുടെ സമ്മത പത്രത്തോടെ ലൈസൻസ് എടുക്കേണ്ടതുമാണ്.എന്നാൽ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറീസ് ലൈസൻസ് രജിസ്റ്റർ/ സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങൾ അപ്രകാരം അല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | സഫ മെഡികെയർ | ഫാക്ടറീസ് ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടില്ല |
| 2 | ഹെൽത്ത് കെയർ സെന്റർ | ഫാക്ടറീസ് ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടില്ല |
| 3 | കെയർ വെൽ ഡെന്റൽ ക്ലിനിക് | ഫാക്ടറീസ് ലൈസൻസ് എടുത്തിട്ടില്ല |
| 4 | ഫാത്തിമ മെഡിക്കൽ സെന്റർ | ഫാക്ടറീസ് ലൈസൻസ് എടുത്തിട്ടില്ല |
| 5 | കാടാമ്പുഴ ഡെന്റൽ ക്ലിനിക് | ഫാക്ടറീസ് ലൈസൻസ് എടുത്തിട്ടില്ല |
| 6 | ബേബി മെഡിക്കൽ സെന്റർ | ഫാക്ടറീസ് ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടില്ല |
| 7 | ഐഡിയൽ ആയുർവ്വേദ ഹോസ്പിറ്റൽ | ഫാക്ടറീസ് ലൈസൻസ് എടുത്തിട്ടില്ല |

| | | |
|---|---|---|
| 8 | കരുണ മെഡിക്കൽ ലബോറട്ടറി | ഫാക്ടറിയോസ് ലൈസൻസ് എടുത്തിട്ടില്ല |
| 9 | സ്പെഷ്യാലിറ്റി മെഡിക്കൽ ലാബ് | ഫാക്ടറിയോസ് ലൈസൻസ് എടുത്തിട്ടില്ല |
| 10 | കാടാമ്പുഴ ദേവസ്വം ഡയാലിസിസ് സെന്റർ | ഫാക്ടറിയോസ് ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടില്ല |
| 11 | FHC സെന്ററിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്റർ | ഫാക്ടറിയോസ് ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടില്ല |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/09.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്ന് ക്രമ പ്രകാരമുള്ള ലൈസൻസ് ഫീസും രജിസ്ട്രേഷനും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതി-ഉപയോഗ്രമം തെറ്റായി രേഖപ്പെടുത്തി

മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്ന.

1. ഫയൽ നമ്പർ:3766/29.04.2023 പ്രകാരം ശ്രീ. ശ്രീകുമാർ എന്നവർക്ക് 4/211 C,4/211 D,4/211 E എന്നിങ്ങനെ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 4/211 C കടമുറിക്ക് ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 60 രൂപയും 4/211D ,4/211 E കടമുറികൾക്ക് ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപയും ആണ് ഈടാക്കേണ്ടിയിരുന്നത്(ഭരണ സമിതിയുടെ 18.04.2023 തീയ്യതിയിലെ 4/1 നമ്പർ തീരുമാനം).എന്നാൽ സഞ്ചയ പ്രകാരം മേൽ കടമുറികൾക്ക് അപ്രകാരമല്ല വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|
| 4/211 C | 35.4 | 1062(35.4x30) | 2124(35.4x60) | 1062 |
| 4/211 D | 60.9 | 1218(60.9x20) | 3045(60.9x50) | 1827 |
| 4/211 E | 60.9 | 1218(60.9x20) | 3045(60.9x50) | 1827 |

2.ഫയൽ നമ്പർ:4232/19.07.2023 പ്രകാരം ശ്രീ. മുഹമ്മദ് നൗഷാദ് എന്നവർക്ക് 11/142 N,11/142 O,11/142 P,11/142 Q എന്നിങ്ങനെ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കടമുറികൾ ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്(ഭരണ സമിതിയുടെ 18.04.2023 തീയ്യതിയിലെ 4/1 നമ്പർ തീരുമാനം).എന്നാൽ സഞ്ചയ പ്രകാരം മേൽ കടമുറികൾക്ക് അപ്രകാരമല്ല വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|
| 11/142N | 87.24 | 1744.8(87.24x20) | 4362(87.24x50) | 2617.2 |
| 11/142O | 87.24 | 1744.8(87.24x20) | 4362(87.24x50) | 2617.2 |
| 11/142 P | 87.24 | 1744.8(87.24x20) | 4362(87.24x50) | 2617.2 |
| 11/142 Q | 87.24 | 1744.8(87.24x20) | 4362(87.24x50) | 2617.2 |

| | | | | |
|---|---|---|---|---|
| 11/142 Q | 87.24 | 1744.8(87.24x20) | 4362(87.24x50) | 2617.2 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/09.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിട ഉടമകളിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി കുറവായി ഈടാക്കി

മാറാക്കര ഗ്രാമ പഞ്ചായത്ത് വസ്തു നികുതിയിമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ഫയൽ നമ്പർ: 8888/17.10.2023 പ്രകാരം അലവി ഹാജി & മൈമൂന എന്നവർക്ക് 6/345 D,6/345 E നമ്പറുകൾ പ്രകാരം പാർപ്പിടാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതായി കണ്ടു.സഞ്ചയ പ്രകാരം മേൽ കടമുറികൾ സ്വന്തം താമസിക്കുന്നതിന് ഉപയോഗിക്കുന്നപാർപ്പിടങ്ങൾ,ഹോംസ്റ്റേ( ഉടമസ്ഥർ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ-300 ച.മീ വരെയുള്ളവ) എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6 രൂപയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.എന്നാൽ കെട്ടിട ഉടമ മേൽ കെട്ടിടത്തിൽ അല്ല താമസിക്കുന്നത് എന്നുള്ളതിനാൽ (കെട്ടിട ഉടമക്ക് ഗ്രാമ പഞ്ചായത്തിൽ 6/337-A എന്ന നമ്പറിൽ സ്വന്തം പാർപ്പിടം ഉണ്ട്) ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300 ച.മീറ്റർ വരെയുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്.(ഭരണ സമിതിയുടെ 18.04.2023 തീയ്യതിയിലെ 4/1 നമ്പർ തീരുമാന പ്രകാരം).ആയതിൻ പ്രകാരം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലുള്ള കുറവ് |
|---|---|---|---|---|
| 6/345 D | 48.94 | 293.64(48.94x6) | 2447(48.94x50) | 2153.36 |
| 6/345 E | 48.94 | 293.64(48.94x6) | 2447(48.94x50) | 2153.36 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/09.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമകളിൽ നിന്ന് ക്രമപ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 വിജയഭേരി-ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് : 268/24 (വിജയഭേരി വിജയ സ്പർശം)

അടങ്കൽ: 100000/-(തനത് ഫണ്ട്)

ചെലവ്: വൗച്ചർ നം.22301245/31.03.24 തുക 100000/-

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ 9 സ്കൂളുകൾക്കായി 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ആയതിൻ പ്രകാരം ജി.എൽ.പി.എസ് ചെറുപറമ്പിന് 7490/- രൂപയും കാടാമ്പുഴ എൽ.പി.എസിന് 8279/- രൂപയും അനുവദിച്ചിട്ടുണ്ട്.ആയതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/12.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 15769/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 പഞ്ചായത്തിലെ ലൈബ്രറികളിലേക്ക് ദിനപത്രം-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് :39/24 (പഞ്ചായത്തിലെ ലൈബ്രറികളിലേക്ക് ദിനപത്രം,മാസിക)

അടങ്കൽ: 50000/-(തനത് ഫണ്ട്)

ചെവവ്:

വൗച്ചർ നം. 22301012/29.02.24 തുക 14580/-

വൗച്ചർ നം. 22301268/31.03.24 തുക 6480/-

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വിവിധ ലൈബ്രറികളിലേക്ക് ദിന പത്രം വാങ്ങുന്നതിനായി പണം ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം മുഹമ്മദ് സലീം എന്നവർക്ക് 67291090787എന്ന അക്കൗണ്ടിലേക്ക് 8100/- രൂപ നൽകിയിട്ടുണ്ട്. ദിനപത്രം ലഭ്യമായതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/14.08.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 8100/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 രസീതി ബുക്കുകൾ-സ്റ്റോക്ക് രജിസ്റ്റർ--പരിപാലനത്തിലെ അപാകത

മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ആയതിന്റെ സൂക്ഷിപ്പ് ക്രമ പ്രകാരമല്ല എന്ന് കണ്ടു. രജിസ്റ്റർ പ്രകാരം 24752 മുതൽ 24755 വരെയുള്ള രസീതി ബുക്കുകൾ കൃഷി ഓഫീസർക്ക് വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയത് വെറ്റിനറി സർജന് ആണ് വിതരണം ചെയ്തിട്ടുള്ളത്. 24756 മുതൽ 24765 വരെയുള്ള രസീതി ബുക്കുകൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർക്കാണ് വിതരണം ചെയ്തത് എന്ന്

രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ സെക്രട്ടറി രജിസ്റ്റർ വാർഷിക പരിശോധന നടത്തി ഒപ്പ് വെക്കുകയോ രസീതി ബുക്ക് ഇഷ്യു ചെയ്ത തിയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/14.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മെൻസ്ട്രുവൽ കപ്പ്- വിതരണ വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം.48 /24 – മെൻസ്ട്രുവൽ കപ്പ് വിതരണം

നിർവഹണം- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, മാറാക്കര,

അടങ്കൽ : 2,00,000 (DF-G)

ചെലവ് : 1,54,500

ബിൽ (BRN) നം. 2315085203530085O766/28-11-23 Rs. 1,54,500

Invoice No. 9423051446/22-3-2024 Of HLL Life Care Ltd.

പദ്ധതി പ്രകാരം ഇൻവോയ്സിൽ കാണിച്ച താഴെ പറയുന്ന മെൻസ്ട്രുവൽ കപ്പ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. Medium 490 Nos

2. Large 25 Nos

TOTAL 515 Nos @ 267.85 + 12% GST = 299.99

ഇവ LPR Stock Register Page 210 -ൽ ചേർത്ത് അന്നു തന്നെ JPHN ഇന്ദു. കെ. വി. ക്ക് ഇഷ്യു ചെയ്തതായും, ടിയാൾ ഹാജരാക്കിയ ഒരു രജിസ്റ്ററിന്റെ പേജ് 165 -ൽ 6 സബ് സെന്ററുകളിലേക്ക് 8-7-24 ന് നൽകിയതായും കാണിച്ചിട്ടുണ്ട്.

ഇവ അന്തിമ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, വാർഡ് 2 ലെ 12 പേരുടെയും, വാർഡ് 15 ലെ 11പേരുടെയും ഒപ്പു വച്ച കൈപ്പറ്റ് ഹാജരാക്കി. എന്നാൽ ആയതിൽ എത്രയെണ്ണം വീതമാണ് നൽകിയത് എന്നോ, പ്രസ്തുത രേഖ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. 515 എണ്ണവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ചേർത്ത് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/12-8-2024-ക്ക് വാർഡ് അടിസ്ഥാനത്തിൽ ഇവ വിതരണം ചെയ്ത് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവരം ലഭ്യമാക്കുന്നതു വരെ 1,54,500 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-21 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| പറങ്കിമൂച്ചിക്കാട്- കുടിവെള്ള പദ്ധതി പുനരുദ്ധാരണം പ്രോജക്റ്റ് നമ്പർ - 207/24 | പിഴ കുറവായി ഈടാക്കിയത് സംബ- | 20/23-24/12.08.2024 | 2083 | 1240101941/13.08.2023 |
| പൂവഞ്ചിന അംഗൻവാടി പദ്ധതി പുനരുദ്ധാരണം പ്രോജക്റ്റ് നമ്പർ - 227/24 | പിഴ ഈടാക്കാത്തത് സംബ- | 21/23-24/12.08.2024 | 2900 | 1240101945/13.08.2023 |

| | | | | |
|---|---|---|---|---|
| എൻ എസ് എസ് അൻസാർ റോഡ് കോൺക്രീറ്റ് പ്രോജക്റ്റ് നമ്പർ - 215/24 | പിഴ ഈടാക്കാത്തത് സംബ- | 22/23-24/12.08.2023 | 802 | 1230101940/13.08.2024 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.ക്യാഷ്ബുക്കിൽ ആയത് രേഖപ്പെടുത്തുന്നില്ല.

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ വളാഞ്ചേരി SBI ശാഖയിൽ ഉള്ള 00000041553178148 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.24 ന് 2,03,755 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു. ആയതിൽ ടെണ്ടർ ഫീ ഇനത്തിലുള്ള 1,87,875/- രൂപ 30.05.2024 ന് ഗ്രാമ പഞ്ചായത്തിന്റെ തനത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ബാലൻസ് തുക 15880/- രൂപ നിലവിലും അക്കൗണ്ടിൽ നിലനിൽക്കുന്നതായി കാണുന്നു. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റികിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റികിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

മേൽ അപാകത 2022-23വർഷത്തെ ഓഡിറ്റിൽ ചൂണ്ടികാണിച്ചിരുന്നെങ്കിലും നിലവിലും അപാകത തുടരുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതും കാഷ് ബുക്ക് ക്രമ പ്രകാരം പരിപാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/12.08.2024) മുൻകാലങ്ങളിലുള്ള ബാലൻസ് തുകയായ 15880/- രൂപ ഏതിനത്തിലാണെന്ന് കണ്ടെത്തിയിട്ടില്ലെന്നും ആയത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രവൃത്തികളിൽ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തി | നീക്കം ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|
| 1 | പൊട്ടൻ ചോല കൊണ്ടപ്പടി റോഡ് റീ ടാറിംഗ് വാർഡ് 2(197/24) | 55 $M^3$ |
| 2 | വിളക്കന്ദ്ര കാവുങ്ങൽ റോഡ് റീ ടാറിംഗ് വാർഡ് 2(223/24) | 18 $M^3$ |
| 3 | തേക്കിൻപടി ശാന്തിഭവൻ റോഡ് റീ ടാറിംഗ് വാർഡ് 19 (220/24) | 20 $M^3$ |

പ്രവൃത്തികളിൽ മാനുവൽ (യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി) ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്.

മണ്ണ് നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ അധിക നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (16/12.08.2024)ക്ക് MoRD Code 3.5.2 Or 3.5.3 പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള യന്ത്രങ്ങൾ/ ഉപകരണങ്ങൾ സൈറ്റിൽ ഉപയോഗിക്കാൻ കഴിയില്ലെന്നും ഈ പ്രവൃത്തിക്ക് ഉപയോഗിക്കാമായിരുന്ന DAR ലെ 2.8.1 പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള നിരക്കിനേക്കാൾ കുറവായ നിരക്കാണ് നൽകിയിട്ടുള്ളതെന്നുമുള്ള മറുപടിയാണ് നൽകിയത് . DAR ലെ 2.8.1 പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള മണ്ണ് നീക്കൽ റോഡ്

വർക്കിനായുള്ളതല്ല ആയത് സ്ട്രക്ചറൽ ഫോർമേഷനായുള്ള സ്പെസിഫിക്കേഷനാണ്. MoRD Code 3.5.2 Or 3.5.3 പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള യന്ത്രങ്ങൾ/ ഉപകരണങ്ങൾ സൈറ്റിൽ ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ സാധാരണയായി മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന JCB/ Hitachi എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

I). അസിസ്റ്റന്റ് എഞ്ചിനിയർ 2023-24 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 150 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 99 പ്രൊജക്ടുകളിലായി ആകെ 2,69,79,027/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 150 | ആകെ അടങ്കൽ | 6,58,09,228 |
| നടപ്പിലാക്കിയത് | 99 | ചെലവ് | 2,69,79,027 |
| ശതമാനം | 66% | ചെലവ് ശതമാനം | 41% |

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2023-24/12.08.2024)ന് 99 പ്രവൃത്തികൾ ഒഴികെയുള്ളവ റിവിഷനിൽ ഉൾപ്പെടുത്തിയതാണെന്നും ആയതിനാലാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ കാലതാമസം വന്നതെന്നും കൂടാതെ ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും ആയത് മാറി നൽകാത്തതിനാലാണ് 51 പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും മറുപടി നൽകി . സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

Iii). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനം ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചാത്ത് പരിധിയിലുള്ള Nusrath Secondary School ലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ 2024 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. മാത്രവുമല്ല Nusrath Secondary School സമർപ്പിച്ച അപേക്ഷയിൽ അപാകതകൾ ചൂണ്ടിക്കാണിച്ച് മടക്കുകയാണുണ്ടായത്. സ്കൂൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (24 /23-24/12.08.2024) ക്ക് അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതിന് മേൽ സ്ഥാപനത്തിന് വീണ്ടും കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്നും മറുപടി നൽകി. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 വാങ്ങൽ നടപടികൾ പാലിക്കാതെ തൈകൾ വാങ്ങി.

പ്രൊജക്ട് നം. 51/24 : പച്ചക്കറി - തൈ വിതരണം

നിർവഹണം- കൃഷി ഓഫീസർ,

അടങ്കൽ & ചെലവ്: 1,00,000 ( വികസന ഫണ്ട്-ജനറൽ)

1) BR No. 23150852035000866796 /30-11-23 Rs. 50,000

മലബാർ അഗ്രോ ആർമി, (മാതൃകാ കാർഷിക സേവന കേന്ദ്രം) കുറ്റിപ്പുറം ബ്ലോക്ക്, മാറാക്കര, കാടാമ്പുഴ (പി.ഒ) യുടെ 1517/17-11-23 നമ്പരിലുള്ള കാഷ് ബിൽ പ്രകാരം താഴെ പറയുന്നവ നേരിട്ടു വാങ്ങി.

| Sl No | Item | Quantity | Rate | Amount |
|---|---|---|---|---|
| 1 | കാബേജ് | 5,000 | 2.50 | 12,500 |
| 2 | കോളി ഫ്ലവർ | ,, | ,, | 12,500 |
| 3 | ചില്ലി | ,, | ,, | 12,500 |
| 4 | തക്കാളി | ,, | ,, | 12,500 |
| | | | ആകെ | 50,000 |

2) BR No. 2315085203500076205 /8-11-23 Rs. 50,000

മലബാർ അഗ്രോ ആർമി, (മാതൃകാ കാർഷിക സേവന കേന്ദ്രം) കുറ്റിപ്പുറം ബ്ലോക്ക്, മാറാക്കര, കാടാമ്പുഴ (പി.ഒ) യുടെ 1514/25-10-23 നമ്പരിലുള്ള കാഷ് ബിൽ പ്രകാരം താഴെ പറയുന്നവ നേരിട്ടു വാങ്ങി.

| Sl No | Item | Quantity | Rate | Amount |
|---|---|---|---|---|
| 1 | ചില്ലി | 5,000 | 2.50 | 12,500 |
| 2 | തക്കാളി | ,, | ,, | 12,500 |
| 3 | വഴുതന | ,, | ,, | 12,500 |
| 4 | വെണ്ട (ബിന്ദി) | ,, | ,, | 12,500 |
| | | | ആകെ | 50,000 |

<u>അപാകതകൾ</u>

1) ഈ പ്രൊജക്റ്റുകളിലുൾപ്പെടുത്തി മലബാർ അഗ്രോ ആർമി, (മാതൃകാ കാർഷിക സേവന കേന്ദ്രം) കുറ്റിപ്പുറം ബ്ലോക്ക്, മാറാക്കര, കാടാമ്പുഴ (പി.ഒ) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് നടീൽ സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ സ.ഉ.(കൈ) നം. 115/2022/ തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നില്ല. 7-ാമത്തെ നിബന്ധനയിൽ, കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചു തൈകൾ വാങ്ങാവുന്നതാണെന്നും നിർദ്ദേശമുണ്ട്. ഇതിനു വിരുദ്ധമായിട്ടാണ് നേരിട്ട് വാങ്ങിയിരിക്കുന്നത്.

2) വാങ്ങിയ വസ്തുക്കളുടെ യൂനിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ <u>ഓഡിറ്റ് എൻക്വയറി നം. 37/ 13-8-2024</u>ക്ക് ലഭിച്ച മറുപടിയിൽ, മാർഗരേഖയിലെ ഖണ്ഡിക 6.1 ലെ ക്രമ നമ്പർ 4-ൽ നേരിട്ട് അനുവാദമുള്ള സ്ഥാപനങ്ങളിൽ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന നഴ്സറികളിൽ നിന്ന് പച്ചക്കറി തൈകൾ വാങ്ങാം എന്ന് പറയുന്നുണ്ട്, എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മാർഗരേഖയിൽ, നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചു തൈകൾ വാങ്ങാവുന്നതാണെന്നാണ് എന്നാണ് പറയുന്നത്. ആയതിനാൽ 1,00,000 രൂപയുടെ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതു വരെ തുക തടസ്സം ചെയ്യുന്നു.

## <u>1-27 പോസ്റ്റ് മാറ്റിവെക്കൽ- വിനിയോഗ വിവരം ലഭ്യമല്ല</u>

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കൽ എന്ന പദ്ധതിയിൽ വാർഡ് 2 രണ്ടത്താണി കണ്ടേങ്ങൽപടി വട്ടപറമ്പ് റോഡ്, എടക്കട ശിവക്ഷേത്ര പരിസരം,15 ാം വാർഡ് ചുള്ളിക്കാട്ടാറമ്മൽ മലായി പീടിക ഭാഗം, 20 ാം വാർഡ് നൂറുൽഹുദാ മദ്രസാ പരിസരം എന്നിവിടങ്ങളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പദ്ധതി | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| വൈദ്യുതി പോസ്റ്റ് മാറ്റിവെക്കൽ<br>പ്രോജക്റ്റ് നമ്പർ 181/24 | 22300105/30.05.23<br>(തനത് ഫണ്ട്) | 72050 |
| | 22300165/18.06.23<br>(തനത് ഫണ്ട്) | 20883 |
| | ആകെ | 92933 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

2. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ

സ്വീകരിക്കേണ്ടതും നിക്ഷപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-2/6.8.2024 ന് നൽകിയ മറുപടിയിൽ 72050 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ 20883 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 20883 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ 20883 രൂപ തടസ്സം ചെയ്യുന്നു.

## 1-28 സോളാർ ലൈറ്റ് റിപ്പയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ സോളാർ ലൈറ്റ് റിപ്പയർ എന്ന പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | സ്ഥാപനം | ഇൻവോയ്സ് | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| **സോളാർ ലൈറ്റ്റിപ്പയർ** _(307/24) | ഷൈൻ ഇലക്ട്രിക്കൽ & പിഡ്ബ്ലിയു കോൺട്രാക്ടേഴ്സ് ആലിപ്പറമ്പ | B2B/23-24/28.3.24 ( LED Solar 15 Nos ) | 1,00,000 ( Own Fund) | 22301245/ 30.3.24 |
| | | ആകെ | 1,00,000 | |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) സോളാർ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയില്ല.

ഷൈൻ ഇലക്ട്രിക്കൽ & പിഡബ്ല്യുഡി കോൺട്രാക്ടേഴ്സുമായി ഗ്രാമ പഞ്ചായത്ത് 16.2.24 ന് ചമച്ച കരാർ വ്യവസ്ഥ 2 പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കുന്ന സമയവും പോസ്റ്റ് വിവരവും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല.എന്നാൽ ഗ്രാമ പഞ്ചായത്ത് സോളാർ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയിട്ടില്ല.തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികള്/കരാറുകാർ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2)ഷൈൻ ഇലക്ട്രിക്കൽ & പിഡ്ബ്ലിയുഡി കോൺട്രാക്ടേഴ്സുമായി ഗ്രാമ പഞ്ചായത്ത് 16.2.24 ന് ചമച്ച കരാർ വ്യവസ്ഥ 3 പ്രകാരം പ്രവൃത്തി പരിചയമുള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ ആണ് പ്രവൃത്തി ചെയ്യേണ്ടത്.എന്നാൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

3)ഷൈൻ ഇലക്ട്രിക്കൽ & പിഡ്ബ്ലിയുഡി കോൺട്രാക്ടേഴ്സുമായി ഗ്രാമ പഞ്ചായത്ത് 16.2.24 ന് ചമച്ച കരാർ വ്യവസ്ഥ 4 പ്രകാരം പ്രവൃർത്തി ആരംഭിക്കുന്നതിനു മുൻപും ശേഷവും കരാറുകാരൻ ഏതല്ലാം പോസ്റ്റിലാണ് തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നത് എന്ന വിവരം ബന്ധപ്പെട്ട വാർഡ് മെമ്പർമാരെ കരാറുകാരൻ അറിയിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഏതല്ലാം സേളാർ ലൈറ്റുകളാണ് റിപ്പയർ ചെയ്യേണ്ടത് എന്ന് കരാറുകാരനെ രേഖാമൂലം അറിയിക്കുകയോ കരാറുകാരൻ റിപ്പയർ ചെയ്യുന്ന പോസ്റ്റുകളുടെ വിവരം മെമ്പർമാരെ അറിയിക്കുകയോ ചെയ്തിട്ടില്ല.

4) സർക്കുലർ നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

5) ഷൈൻ ഇലക്ട്രിക്കൽ & പിഡ്ബ്ലിയു കോൺട്രാക്ടേഴ്സുമായി ഗ്രാമ പഞ്ചായത്ത് 16.2.24 ന് ചമച്ച കരാർ വ്യവസ്ഥ 5 പ്രകാരം പ്രവൃത്തി പൂർത്തിയായശേഷം വാർഡ് മെമ്പർമാർ, മോണിറ്ററിംഗ് സമിതി എന്നിവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത്. എന്നാൽ എത്ര സോളാർ തെരുവ് വിളക്ക് റിപ്പയർ ചെയ്തു എന്ന സാക്ഷ്യപത്രം വാർഡ് മെമ്പർമാർ ഹാജരാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 /09.08.24 നെ തുടർന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കി.ഭാവിയിൽ പ്രവൃത്തികൾ നടത്തുമ്പോൾ കരാർ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 പഞ്ചായത്ത് ഓഫീസ് കംമ്പ്യൂട്ടർ വൽക്കരണം - പ്രിന്ററുകൾ ലഭ്യമായില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് കംമ്പ്യൂട്ടർ വൽക്കരണം എന്ന പദ്ധതി മുഖേന എ.എം.സി,കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവക്കായി 2,48,242 രൂപ

ചെലവഴിച്ചിട്ടുണ്ട് എന്നാൽ നാളിതുവരെ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പൂർണ്ണമായും ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| പ്രൊജക്ട് നമ്പറും പ്രൊജക്റ്റിന്റെ പേരും | വൗച്ചർ നമ്പർ | ചെലവ് തുക | പ്രെഫോർമ ഇൻവോയ്സ് | അപാകതകൾ |
|---|---|---|---|---|
| 10/24 പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടർ വൽക്കരണം | 22301255/31.3.24 | 30137 തനത് ഫണ്ട് | 51050/27.10.23 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 30137 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇൻവോയ്സ് പ്രകാരമുള്ള 1 ഇൻക് ടാൻക് പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. |
| | 22301145/26.3.24 | 105120 | 51050/27.10.23 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 105120 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇൻവോയ്സ് പ്രകാരമുള്ള 3 മൽട്ടിഫംഗ്ഷണൽ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 1,35,257 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 12 /9.8.2024 ന് നൽകിയ മറുപടിയിൽ പ്രിന്റർ ലഭ്യമാക്കാൻ കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പ്രിന്റർ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഹോമിയോ, ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല.

സെക്രട്ടറി നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട് . എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും നാളിതു വരെ മരുന്ന് സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | അഭിപ്രായം |
|---|---|---|---|---|
| ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ(12/24) | 4,00,000 | 23150852010801198714/ 09.2.24 (MGNR) | PF 1318/3.2.24 ( ഹോംകോ). | മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് ഹോംകോയുമായി കരാർ ചമച്ചിട്ടില്ല |
| ആകെ | 4,00,000 | | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-13/9.08.2024 ന് മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

## 1-31 ഹരിതമിത്രം- പൂർത്തീകരണ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഹരിതമിത്രം എന്നപദ്ധതിക്കായി സർക്കാർ ഉത്തരവ് ജി.ഒ (ആർടി) 2307/2021/ത.സ്വ.ഭ.വ./18.11.21 പ്രകാരം ഹരിതമിത്രം ആപ്പ് സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം കെൽട്രോണിന് തുക നൽകിയിട്ടുണ്ട് .

| പദ്ധതി | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| ഹരിതമിത്രം പ്രോജക്ട് നമ്പർ 91/24 | XVFC/2023/24/P/22/2.03.24 (CFC) | 1,42,900 |
| | XVFC/2023/24/P/23/2.03.24 (CFC) | 50000 |
| | ആകെ | 192900 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കണ്ടു.

സർവ്വീസ് ചാർജ് ഇനത്തിൽ 1,35,700 എസ്.എം.എസ് ചാർജ് 7200,ലാപ്പ് ടോപ്പ് 50,000 എന്നിങ്ങനെ ഹരിതമിത്രം പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്നതിന് കെൽട്രോണിന് തുക കൈമാറിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥ 5p പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 7 ദിവസത്തിനുള്ളിൽ കെൽട്രോൺ ഗ്രാമ പഞ്ചായത്തിന് പൂർത്തീകരണ സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4/6.8.2024 നൽകിയ മറുപടിയിൽ പൂർത്തീകരണ വിവരം അറിയിച്ചിരുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ 192900 രൂപ തടസ്സം ചെയ്യുന്നു.

## 1-32 കുടിവെള്ള പദ്ധതികൾ-വൈദ്യുതി ചാർജ് അടക്കൽ-അപാകതകൾ

സർക്കാർ ഉത്തരവ് (സാ)നം.1638/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തിയ്യതി 30.7.2019 പ്രകാരം ഗുണഭോക്തൃ സമിതികൾ നിലവിലില്ലാത്ത നിലവിൽ പ്രവർത്തിക്കാത്ത 3 കുടിവെള്ള പദ്ധതികളുടെ(CN No.1. 1020116, 2. 1022843, 3. 2021337) വൈദ്യുതി ചാർജ് 59325 രൂപ മാത്രം തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ

അനുമതിലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി. അസി.എഞ്ചിനിയറുടെ 14.8.23 ലെ BB/KDPA/OTS-2023/2023-24 നമ്പർ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരംഅടവാക്കിയിട്ടുണ്ട്

| വൗച്ചർ നമ്പർ | തുക |
|---|---|
| 22300521/5.10.23 | 59430 |
| 22300746/7.12.23 | 27541 |
| 22300785/29.12.23 | 48738 |
| ആകെ | 135709 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.)KWA ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് കൈമാറിയതും ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ അവയുടെ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കേണ്ടതാണെന്നും അവയുടെ നടത്തിപ്പ്, മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നിവ ടി സമിതികൾ വഹിക്കേണ്ടതാണെന്നും കുടിവെള്ള പദ്ധതി നടത്തിപ്പ് സംരക്ഷണം മാർഗ്ഗരേഖ സ..ഉ (സാ)നം.1275/2009/ത.സ്വ.ഭ.വ. തിരുവനന്തപുരം, തിയ്യതി 30.5.2009 ഖണ്ഡിക 3.1 ൽ വ്യക്തമാക്കിയിട്ടുള്ളതാണ് എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല.

2)സർക്കാർ ഉത്തരവ് (സാ)നം.1638/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തിയ്യതി 30.7.2019 പ്രകാരം 59325 രൂപ മാത്രം നൽകാനാണ് ഉത്തരവായിട്ടുള്ളത് എന്നാൽ 135709 രൂപ നൽകിയതായി കാണുന്നു.

3. കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത കുടിവെള്ള പദ്ധതികൾ നിർത്തലാക്കി കണക്ഷൻ വിഛേദിച്ച് കെ.എസ്. ഇ.ബി ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4.കെ.എസ്.ഇ.ബി. അസി.എഞ്ചിനിയറുടെ 14.8.23 ലെ BB/KDPA/OTS-2023/2023-24 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 1,31,820 .22 രൂപയാണ് കുടിശ്ശികയായി കാണിച്ചിരുന്നത്.എന്നാൽ 135709 രൂപ നൽകി (3889 രൂപ അധികം).

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/12.8.2024 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ 76384 രൂപക്ക് സർക്കാർ അനുമതിലഭ്യമാക്കേണ്ടതും കുടിവെള്ള പദ്ധതികൾ നിർത്തലാക്കി കണക്ഷൻ വിഛേദിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ആയത് വരെ അധികം നൽകിയ 76384 രൂപ തടസ്സം ചെയ്യുന്നു. കൂടാതെ അധികം നൽകിയ 3880/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-33 മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

നിർവഹണം- മെഡിക്കൽ ഓഫീസർ, FHC മാറാക്കര.

<table>
<tr><th>ക്രമ നം</th><th>പ്രൊജക്ട് വിവരം</th><th>മുൻകൂർ തുക</th><th colspan="2">ലഭിച്ച മരുന്നിന്റെ വില</th><th>ബാക്കി</th></tr>
<tr><td>1</td><td>പ്രൊജക്ട് നം.46/24 – അതിദാരിദ്ര്യം- മരുന്നു വാങ്ങൽ.<br>അടങ്കൽ & ചെലവ് : 1,00,000 (OF)<br>Requisition No. 5095400401230031/6-12-23 Rs. 1,00,000</td><td>1,00,000<br>(Requisition No. 5095400401230031/6-12-23 )<br>Proforma Invoice No. PRF No. 2287/24-11-23 Of KMSCL</td><td colspan="2">ഇല്ല</td><td>1,00,000</td></tr>
<tr><td rowspan="8">2</td><td rowspan="8">പ്രൊജക്ട് നം.41/24 – പരിരക്ഷ.<br>അടങ്കൽ : 9,00,000 & ചെലവ് :6,25,161</td><td rowspan="8">2,00,000<br>(BRN 23150852035300930146/13-12-23 )<br>Invoice No. PRF No. 2478/4-12-23 Of KMSCL</td><td colspan="2">1,74,569</td><td rowspan="8">25,431</td></tr>
<tr><td>Invoice No. 19279/1-7-24</td><td>1,944</td></tr>
<tr><td>4825/8-5-24</td><td>80,372</td></tr>
<tr><td>4815/8-5-24</td><td>62,485</td></tr>
<tr><td>1108/6-4-24</td><td>6,109</td></tr>
<tr><td>29965/11-3-24</td><td>9,292</td></tr>
<tr><td>28535/29-2-24</td><td>14,367</td></tr>
<tr><td></td><td>1,74,569</td></tr>
<tr><td>3</td><td>പ്രൊജക്ട് നം.42/24 – FHCയിലേക്ക്</td><td>BRN 23150852035300720849/1-11-23 Rs. 10,00,000/-</td><td colspan="2">ഇല്ല</td><td>10,00,000</td></tr>
</table>

| | | | | |
|---|---|---|---|---|
| | മരുന്നു വാങ്ങൽ. അടങ്കൽ & ചെലവ് : 10,00,000 (MG-NR) | Invoice No. PRF No. 1809/21-10-23 Of KMSCL | | |
| | | | | 11,25,431 |

ക്രമ നം. 3 പ്രകാരമുള്ള ബിൽ തുക കാഷ് ചെയ്തിട്ടില്ലെന്ന് വിശദീകരിച്ചെങ്കിലും, E-Bill Book (Form TR 74 (A) പ്രകാരം 20/11/23 ന് എൻകാഷ് ചെയ്തിട്ടുണ്ട് TRN 231508000000007458)

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ച വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/12-8-2024-ക്ക് ലഭിച്ച മറുപടിയിൽ, ക്രമ നം. 1 & 2 എന്നിവയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും, ക്രമ നം. 3 -ന്റെ UTR ട്രഷറിയിൽ അന്വേഷിച്ചപ്പോഴാണ് ആയത് ഗവ. അക്കൗണ്ടിലേക്ക് പോയതായി അറിഞ്ഞത് എന്നാണ് അറിയിച്ചത്. ആയതിന്റെ BIMS -ൽ നിന്നുള്ള Acknowledgement Receipt – ഉം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അപാകത സംഭവിക്കാൻ എന്താണ് കാരണമെന്നും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതിനാൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന് എന്താണ് പരിഹാരമെന്നും, പണം സർക്കാരിലേക്ക് പോയതായി കാണിക്കുന്ന ട്രഷറിയുടെ കത്തും ഹാജരാക്കിയിട്ടില്ല.

മരുന്ന് ലഭ്യമായ വിവരവും, പണം ലാപ്സായതിന്റെ വിശദീകരണവും ലഭ്യമാകുന്നതു വരെ 11,25,431 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-34 ഗ്രാമ പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷൂറൻസ് കേരളാ സംസ്ഥാന ഇൻഷൂറൻസ് വകുപ്പിൽ അടവാക്കിയില്ല.

സർക്കാർ ഉത്തരവ് (പി) നമ്പർ 819/2000/ ഫിൻ തിയതി 8.04.2000 ഉത്തരവ് പ്രകാരം ഗവ. വകുപ്പുകൾ,പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വാഹനങ്ങൾ കേരളാ സംസ്ഥാന ഇൻഷ്യൂറൻസ് വകുപ്പിൽ നിന്നും ഇൻഷ്യൂറൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷ്യൂറൻസ് എടുത്തിട്ടുള്ളത് ദി ന്യൂ ഇൻഡ്യ അഷ്യൂറൻസ് കമ്പനി ലിമിറ്റഡ് കോട്ടക്കൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ്,വിശദ വിവരം ചുവടെ

| വാഹനം | ചെലവഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|
| KL-55-AE 0785 ബൊലേറോ | 14237 | 22300328/3.8.23 |
| KL-10-BG 9729 | 10907 | 22200858/22.1.24 |
| **ആകെ** | **25144** | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/12.8.24 ന് നൽകിയ മറുപടിയിൽ ഭാവിയിൽ വാഹനങ്ങളടെ ഇൻഷ്യൂറൻസ് കേരളാ സംസ്ഥാന ഇൻഷ്യൂറൻസ് വകുപ്പിൽ നിന്നും എടുക്കുന്നതാണ് എന്ന് അറിയിച്ചു.ഭാവിയിൽ വാഹനങ്ങളുടെ ഇൻഷ്യൂറൻസ് കേരളാ സംസ്ഥാന ഇൻഷ്യൂറൻസ് വകുപ്പിൽ നിന്നും എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പാക്കി.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ( സ.ഉ( കൈ) 86/2022/LSGD തിയ്യതി. 19.04.2022 ) വനിതാഘടക പദ്ധതി സംബന്ധിച്ച് നൽകിയ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടത്.( ഖ 6.3.1 )

. വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. ( ഖ 6.3.1 )

. വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പാടില്ല. ( ഖ 6.3.16 )

താഴെ പറയുന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ പരിപാടികളൊന്നും പ്രൊജക്ട് പ്രകാരം നടപ്പിലാക്കിയിട്ടില്ല എന്ന് വ്യക്തമായി. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/ ബിൽ നമ്പർ / തിയ്യതി |
|---|---|---|---|---|---|
| 1 | ധാതു ലവണ മിശ്രിതം വാങ്ങൽ (21/24) | വികസന ഫണ്ട് - ജനറൽ | 2,40,000 | 2,40,000 | 23150852035201471974/ 23.03.2024 |
| 2 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ ( 25/24) | വികസന ഫണ്ട് - ജനറൽ | 900000 | 2,27,400 | 23150852035201077514/ 17.01.2024 |
| | | ഗുണഭോക്തൃ വിഹിതം | 75,000 | 75,000 | 22300955/ 14.02.2024 |

| | | | | | |
|---|---|---|---|---|---|
| 3 | ടെറസിലും മുറ്റത്തും പച്ചക്കറി കൃഷി (61/24) | വികസന ഫണ്ട് - ജനറൽ | 348000 | 348000 | 23150852035000762075/ 18.11.2023 (90,000)<br>23150852035000969290/ 21.12.2023 (90,000)<br>23150852035001055096/ 10.01.2024 (90,000)<br>23150852035001496893/ 24.03.2024 (78,000) |
| | | ഗുണഭോക്തൃ വിഹിതം | 116000 | 116000 | 22300980/ 18.02.2024 |
| 4 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ - എസ് സി വനിത (68/24) | വികസന ഫണ്ട് - ജനറൽ | 254050 | 63600 | 23150852035201274170/ 26.02.2024 (63,600) |
| | | തനത് ഫണ്ട് | 350 | 00 | |
| | | ഗുണഭോക്തൃ വിഹിതം | 21200 | 5300 | 22301057/ 06.03.2024 |

കുടുംബത്തിന്റെ മൊത്തത്തിലുള്ള ഉന്നമനത്തിനായുള്ള മേൽ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതല്ല. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രോജക്റ്റുകൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 36/23-24 /13.08.2024 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-36 തെരുവു വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്ക് പരിപാലനം എന്ന പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | സ്ഥാപനം | ഇൻവോയ്സ് | ചെലവ് തുക | വൗച്ചർ നമ്പർ/ബിൽ നമ്പർ |
|---|---|---|---|---|
| തെരുവു വിളക്ക് പരിപാലനം (183/24) | സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള ഒറ്റപ്പാലം | SILKFUO/UR/570/25.10.23 (36W LED Bulb 142 Nos X1404.2) | 1,50,000 ( DF) | 23150852010801465585 /24.3.24 |
| | | | 49396 ( Own Fund) | 22301198/ 29.3.24 |
| | | ആകെ | 199396 | |

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)റിപ്പയർ ചെയ്യാത്ത തെരുവ് വിളക്കിന് തുക അനുവദിച്ചു 35105 രൂപ അധിക ചെലവ്.

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള ഒറ്റപ്പാലം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 142 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി 1,99,396 രൂപ നൽകിയിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 117 തെരുവ് വിളക്കുകൾ മാത്രമാണ് റിപ്പയർ ചെയ്തിട്ടുള്ളത്,വിശദവിവരം ചുവടെ

| ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ എണ്ണം/ നൽകിയ തുക | മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം/ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 142 X1404.2=199396 | 117 X1404.2= 164291 | 35105 (25 X 1404.2) |
| | ആകെ | 35105 |

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.

തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികള്/കരാറുകാർ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3) 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്ട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

4) സർക്കുലർ നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

5) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്.

6).ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7).ഗ്രാമപ്പഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 /06.08.24 നെ തുടർന്ന് 25 സാക്ഷ്യ പത്രം കൂടി ഹാജരാക്കി, തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റ് നമ്പർ സഹിതം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

## 1-37 ലൈഫ് ഭവന പദ്ധതി ജനറൽ-അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതി ജനറൽ (100/24)എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 3,12,70,000 (3790000 വികസന ഫണ്ട്, സ്റ്റേറ്റ് ഷെയർ 94,20,000, ലോൺ1,66,80,000 മറ്റുള്ളവ 13,80,000) രൂപ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. റവന്യൂ രേഖകളിൽ നഞ്ച (Wet Land) എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ വീടുനിർമ്മാണത്തിന് ആനുകൂല്യം നൽകി.

റവന്യൂ രേഖകളിൽ നഞ്ച എന്ന് രേഖപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ

| ഗുണഭോക്താവ് | നൽകിയ തുക | കരാർ വെച്ചത് | പൂർത്തീകരിച്ചത് | റിമാർക്ക്സ് |
|---|---|---|---|---|
| ശ്രീമതി. ആമിന മരുന്നൻ വാർഡ്-2 | 400000 | 13.3.23 | 10.7.23 | റവന്യൂ വകുപ്പിന്റെ കൈവശ സർട്ടിഫിക്കറ്റ് നമ്പർ.75683808/14.2.23 പ്രകാരം പ്രസ്തുത സ്ഥലം ( തിരൂർ താലൂക്ക് മാറാക്കര വില്ലേജ് സർവ്വേനമ്പർ 54/1/11) Wet Land എന്നും ആധാരം നമ്പർ 4188/2023/1 പ്രകാരം നഞ്ച എന്നും ആണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| ആകെ | 400000 | | | |

സർക്കുലർ നമ്പർ REV.PI/248/2019-REV തീയ്യതി.17.2.2020 പ്രകാരം 2008 ലെ കേരള തണ്ണീർ തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നിലം (നെൽ വയൽ) വാങ്ങുന്നവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലറിന്റെ വെളിച്ചത്തിൽ, പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടവയാണെങ്കിൽ ഗുണഭോക്താവിന് പ്രസ്തുത ഭൂമികളിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭ്യമാകില്ല എന്ന് വ്യക്തമാണ്. എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

2.അഡ്വാൻസ് കൈപറ്റി നാളിതുവരെ വീടുനിർമ്മാണം പൂർത്തീകരിച്ചില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും കരാർ പ്രകാരം കരാർ ചമച്ച് 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ നാളിതവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.വിശദ വിവരം ചുവടെ

| പേര് | കരാർ വെച്ച തിയതി | കൈപറ്റിയ തുക |
|---|---|---|
| ശ്രീമതി.ബീക്കുട്ടി വാർഡ്-15, (921931) | 19.11.21 | 3,50,000 |
| ശ്രീമതി. നഫീസ (942987) വാർഡ്-9 | 19.12.21 | 3,50,000 |
| | | |

| | ആകെ | 7,00,000 |
|---|---|---|

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-19/12.8.2024 ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും NOC ലഭിച്ച ശേഷമാണ് റവന്യൂ രേഖകളിൽ നഞ്ച (Wet Land) എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ വീടുനിർമ്മാണത്തിന് ധന സഹായം നൽകിയത് എന്നും വീടുനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്നും അറിയിച്ചു. വീടുനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതും റവന്യൂ രേഖകളിൽ നഞ്ച (Wet Land) എന്ന് രേഖപ്പെടുത്തിയ ഭൂമി ഡാറ്റാ ബേങ്കിൽ ഉൾപ്പെട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്

## 1-38 ബയോബിൻ വിതരണം-വിതരണത്തിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യക്തികൾക്ക് ബയോബിൻ ( So 237/24)എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2130 രൂപ നിരക്കിൽ റാം ബയോളജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വാർഡ് മെമ്പർമാർ മുഖേന താഴെ പറയും പ്രകാരം ബയോബിൻ വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ഇൻവോയ്സ് നമ്പർ | എണ്ണം |
|---|---|---|
| വ്യക്തികൾക്ക് ബയോബിൻ ( SO237/24) | 008/6.10.22 (9 69,150) | 455 |
| | 0017/4.1.23 (3,89,790) | 183 |
| | 006/29.7.23 (1,57,620) | 74 |
| | 009/31.10.22 (3,51,450) | 165 |
| | | 877 |

ഈ പദ്ധതിക്കായി ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽ നമ്പർ/വൗച്ചർ | ചെലവ് തുക | ഫണ്ട് |
|---|---|---|
| 77/2.8.23 | 124970 | CFC (Tied) |
| 22300379/23.8.23 | 15,762 | Own Fund |
| 22300370/21.8.23 | 38979 | Own Fund |
| 75/25.07.23 | 309046 | CFC (Tied) |
| ആകെ | 488757 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു . വിശദവിവരം താഴെ.

1. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ 877 ബയോബിന്നുകളിൽ 876 ഗുണഭോക്താക്കളിൽ നിന്നും 213 രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ച് 876 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

2 വാർഡ് മെമ്പർമാർ മുഖേന 876 ബയോബിന്നുകൾ വിതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും വാർഡ് മെമ്പർമാർമാരുടെ സാക്ഷ്യപത്രപ്രകാരം 704 ബയോബിന്നുകൾ മാത്രമാണ് വാർഡ് മെമ്പർമാർ കൈപറ്റി വിതരണം ചെയ്തതായി അറിയിച്ചിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-38/13.8.2024 നെ തുടർന്ന് 876 എണ്ണം വിതരണം ചെയ്തതായുള്ള വാർഡ് മെമ്പർമാർമാരുടെ സാക്ഷ്യപത്രം ഹാജരാക്കി. വിതരണം ചെയ്യാത്ത 1 ബയോബിൻ കൂടി വിതരണം ചെയ്ത് മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-39 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ അപാകത

മാറാക്കര ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത് പരിശോധിച്ചപ്പോൾ പല സ്റ്റെയ്ൽ ചെക്കുകളും അക്കൗണ്ടിലേക്ക് വരവ് വെച്ചിട്ടില്ല എന്ന് കണ്ടു.കൂടാതെ ഡെപ്പോസിറ്റ് ചെയ്ത പല ചെക്കുകളും ക്ലിയർ ചെയ്യാൻ അവശേഷിക്കുന്നതായും ദീർഘ നാളായി ബാങ്ക് ഡയറക്റ്റിലി ക്രെഡിറ്റ് ചെയ്ത പല തുകകളും ബാങ്ക് ബുക്കിലേക്ക് വരവ് വെക്കാൻ അവശേഷിക്കുന്നതായും കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

**1.District Cooperative Bank-Malappuram(A/C No:90431201000008)**

Cheque Issued But Not Presented In To The Bank

ചെക്ക് നമ്പർ:Ch 473518/27.01.2021 Amount 1800/-

ചെക്ക് നമ്പർ:Ch 473528/09.03.2021 Amount 800/-

വൗച്ചർ നമ്പർ: 876828/26.04.2023 Amount 8210/-

വൗച്ചർ നമ്പർ: 876828/26.04.2023 Amount 800/-

**2.Kerala Gramin Bank (A/C No: 40167100107844)**

A. Cheque Issued But Not Presented In To The Bank

Voucher No: 22300974/17.02.2024 Amount 3000/-
ചെക്ക് നമ്പർ:014985/10.07.2023 Amount 826
ചെക്ക് നമ്പർ:014985/10.07.2023 Amount 3150
ചെക്ക് നമ്പർ:014980/26.04.2023 Amount 1021

ചെക്ക് നമ്പർ:014979/26.04.2023 Amount 1021

B.Cheque Deposited But Not Cleared

Voucher No: 1220002299/31.03.2023 Amount 1021/-

Voucher No: 1220002300/31.03.2023 Amount 1021/-

Voucher No: 1220000260/29.05.2023 Amount 1021/-

Voucher No: 1220000612/02.08.2023 Amount 6700/-

Voucher No: 1220000791/13.09.2023 Amount 3150/-

Voucher No: 1220000792/13.09.2023 Amount 826/-

**3. Kerala Gramin Bank: (A/C No:40167100108688)**

Directly Credited By Bank

Voucher Date 01.02.23amount 367/-

Voucher Date 01.11.2022 Amount 365/-

**4. Kerala Gramin Bank: (A/C No: 40167101055247)**

Cheque Issued But Not Presented In To The Bank

014656/03.08.2022 Amount 5000/-

**5. Canara Bank (A/C No: 110043550572)**

Directly Credited By Bank

Voucher Date: 31.01.2023 Amount 1178/-

**6. Canara Bank: (A/C No:110043551089)**

Directly Credited By Bank:

Voucher Date: 30.04.2023 Amount 1524/-

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 06/09.08.2024 ന് നൽകിയ മറുപടിയിൽ ഐ.കെ.എമ്മിന്റെ സഹായത്തോടെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 സ്കോളർഷിപ്പ് തുക അധികമായി നൽകി

പ്രൊജക്റ്റ് : 29/24 (ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്)

അടങ്കൽ: 3500000/-

ചെലവ്: 3200000/-

1600000/-(പൊതുവിഭാഗം സാധാരണ വിഹിതം)

500000/-(തനത് ഫണ്ട്)

750000/-(ബ്ലോക്ക് പഞ്ചാത്ത് വിഹിതം)

350000/-(ജില്ല പഞ്ചാത്ത് വിഹിതം)

ഐ.സി.ഡി.എസ് സൂപ്പർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്ക് 23150852035101042667/08.01.24 ബിൽ പ്രകാരം 100000/- രൂപ ചെലവഴിച്ചതിൽ ഫാത്തിമ ഷഫ എന്ന കുട്ടിക്ക് 67171731845(എസ്.ബി.ഐ.കോട്ടക്കൽ)എന്ന അക്കൗണ്ടിലേക്ക് 20000/- രൂപ നൽകിയിട്ടുണ്ട്. അപേക്ഷ പ്രകാരം ബിരുദത്തിന് പഠിക്കുന്ന ലോക്കോമോട്ടോർ എന്ന ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടി ഹോസ്റ്റലർ ആണ്.ആയത് പ്രകാരം വിദ്യാർത്ഥിനിക്ക് നൽകാവുന്ന തുക 16000/- രൂപയാണ്.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/12.08.2024 ന് നൽകിയ മറുപടിയിൽ അധികമായി നൽകിയ തുക അടുത്ത സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4000/-രൂപ തടസ്സം ചെയ്യുന്നു.

## 1-41 കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തു

പ്രൊജക്റ്റ് :304/24 (സ്കൂളുകൾക്ക് പാചകത്തിന് ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ: 100000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്:23150852039601454531/23.03.24 തുക 60600/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം റിയൽ എന്റർപ്രൈസസ്,മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ് നമ്പർ 11/22.03.2024 തുക 60600/) ചുവടെ കൊടുക്കും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ.നം | പർച്ചെയ്സ് ചെയ്ത ഉപകരണം | എണ്ണം | ഒന്നിന് അനുവദിച്ച തുക(18% | 18% ജി.എസ്.ടി ഉൾപ്പെടെ |
|---|---|---|---|---|

| | | | ജി.എസ്.ടി ഉൾപ്പെടെ) | അനുവദിച്ച തുക |
|---|---|---|---|---|
| 1 | മിക്സർ ഗ്രൈന്റർ | 4 | 3910 | 15640 |
| 2 | എൽ.പി.ജി സ്റ്റൗ | 4 | 5620 | 22480 |
| 3 | റൗണ്ട് ബാട്ടി എൽ.പി.ജി സ്റ്റൗ | 4 | 5620 | 22480 |
| ആകെ | | | | 60600 |

മേൽ വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ജി.ഒ.പിനം.7/19/എസ്.പി.ഡി തിയ്യതി 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ ഇവിടെ അപ്രകാരമല്ല ചെയ്തിട്ടുള്ളത്.

2. ക്വട്ടേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളേയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉപകരണവും പരിഗണിക്കാതെയാണ് പർച്ചെയ്സ് ചെയ്തിട്ടുള്ളത്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉപകരണം | റിയൽ എന്റർപ്രൈസസ്,മഞ്ചേരി | എലൈറ്റ് സ്പെയർഹൗസ്,മലപ്പുറം | ഡ്രീം ഹോം ഫർണിച്ചർ,ബാലുശ്ശേരി |
|---|---|---|---|
| മിക്സി | 1. Mr.Light-2830/-<br>2.Butter Fly-3910<br>(ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല) | Cromopton-3200/-<br>( 2 Year Warranty On Product,5 Year Warranty On Motor) | 1.Grammans-3200/-<br>2.Impex-3376/-<br>(2 Year Warranty) |
| ഗ്യാസ് സ്റ്റൗ | 5620/-<br>(ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല) | 1680/- | 1. Green Chef-1476/-<br>2. Prestige-1850/-<br>3.Butter Fly-3250/-<br>4. Heavy Single Burner-4000/-<br>(ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല) |

റിയൽ എന്റർപ്രൈസസ്, മഞ്ചേരിയുമായുള്ള കരാറിൽ മിക്സിക്ക് 2 വർഷം വാറന്റിയും ഗ്യാസ് സ്റ്റൗവിന് 1 വർഷത്തെ വാറന്റിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.അതേ കാലയളവ് തന്നെയാണ് (എലൈറ്റ് സ്പെയർഹൗസ്, മലപ്പുറം 5 വർഷത്തെ മോട്ടോർ വാറണ്ടിയും രേഖപ്പെടുത്തിയിട്ടുണ്ട്)മറ്റുള്ള സ്ഥാപനങ്ങളും ക്വാട്ട് ചെയ്തത് എന്നിരിക്കെ റിയൽ എന്റർപ്രൈസസ്, മഞ്ചേരി എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകിയതിന്റെ കാരണം വ്യക്തമല്ല.
അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/12.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-42 ഡോക്ടർ നിർദേശിക്കാത്ത ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തു

പ്രൊജക്ട് : 37/24 (ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ)

അടങ്കൽ: 400000/- പ്ലാൻ (സാധാരണ വിഹിതം)

ചെലവ് 23150852035100909194/08.12.2023 തുക 399702

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 050/22.11.23 ഇൻവോയ്സ് പ്രകാരം 399702/- രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ഹാന്റിക്കേപ്പ്ഡ് വെൽഫെയർ അസോസിയേഷനിൽ നിന്ന് ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്തിട്ടുണ്ട്.ആയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മേൽ ഇൻവോയ്സ് പ്രകാരം 2 പീഡിയാട്രിക് വീൽ ചെയർ പർച്ചെയ്സ് ചെയ്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം ഷാസിൽ കെ.ടി എന്ന വ്യക്തിക്ക് മാത്രമാണ് ആയത് വിതരണം ചെയ്തിട്ടുള്ളത്.തൻ വർഷം ലഭ്യമാക്കിയ വീൽചെയറുകളിൽ ഒന്ന് വിതരണം ചെയ്യുകയും അവശേഷിക്കുന്നത് വിതരണ കമ്പനി തിരിച്ച് കൊണ്ട് പോകുകയും ആണ് ചെയ്തിട്ടുള്ളത്.എന്നാൽ 2 വീൽ ചെയറുകൾക്ക് ഇൻവോയ്സ് പ്രകാരം പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറി പ്രകാരം(ഓഡിറ്റ്

എൻക്വയറി നം.25/13.08.2024) വിതരണ കമ്പനിയിൽ നിന്ന് വീൽ ചെയർ ലഭ്യമാക്കുകയും വിട്ട് പോയ ഗുണഭോക്താവിന് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. വിതരണ രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത ഉപകരണങ്ങൾ ചുവടെ കൊടുത്ത വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ ആയവ 09.11.2022 തീയ്യതിയിലെ മെഡിക്കൽ ക്യാമ്പിൽ ഡോക്ടർ നിർദേശിച്ച ഉപകരണങ്ങളിൽ ഉൾപ്പെട്ടവയല്ല.

| ക്രമ.നം | ഗുണഭോക്താവ് | വിതരണം ചെയ്ത ഉപകരണങ്ങൾ |
|---|---|---|
| 1 | മുഹമ്മദ് സിനാൻ കോട്ടയിൽ | 1.Accomodative Footwear<br>2.Caliper Knee Cap B/L |
| 2 | ഷഹ്ന.സി.കെ | 1.Accomodative Footwear<br>2.Caliper Knee Cap B/L |
| 3 | ഷാസിൽ.കെ.ടി | 1.Accomodative Footwear |
| 4 | ഫാത്തിമ ഷഹീറ | 1.Accomodative Footwear<br>2.Caliper Knee Cap B/L |
| 5 | ആര്യ നന്ദ | 1.Accomodative Footwear |
| 6 | മുഹമ്മദ് ഷാലിം | 1.Accomodative Footwear<br>2.Caliper Knee Cap B/L |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/13.08.2024 ന് നൽകിയ മറുപടിയിൽ KAFO എന്ന ഉപകരണം ഉപയോഗിക്കുന്നവർക്ക് Accomodative Footwear,Caliper Knee Cap B/L എന്നീ ഉപകരണങ്ങൾ അത്യന്താപേക്ഷിതമാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.എന്നാൽ ഡോക്ടർ ഈ ഉപകരണങ്ങൾ നിർദേശിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.കൂടാതെ ഷാസിൽ കെ.ടി,ആര്യ നന്ദ എന്നീ കുട്ടികൾക്ക് Caliper Knee Cap വിതരണം ചെയ്തിട്ടുമില്ല.മേൽ ഗുണഭോക്താക്കൾക്ക് ടി ഉപകരണങ്ങൾ അത്യന്താപേക്ഷിതമാണ് എങ്കിൽ ആയതിനുള്ള ഡോക്ടറുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം-47/24 - മുണ്ടകൻ സ്ഥിരം നെൽ കൃഷിക്ക് സഹായം | 80000 | 80000 | 0 |
| | പ്രൊ.നം-100/24- ലൈഫ് ഭവന പദ്ധതി-എസ്.സി | 1380000 | 1380000 | 0 |
| | പ്രൊ.നം-29/24 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 750000 | 750000 | 0 |
| | പ്രൊ.നം-49/24- ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 350000 | 350000 | 0 |
| | പ്രൊ.നം-145/24- ലൈഫ് ഭവന നിർമ്മാണം(എസ്.സി) | 110000 | 110000 | 0 |
| | **ആകെ** | 2670000 | 2670000 | **0** |
| ജില്ലാ പഞ്ചായത്ത് | പ്രൊ.നം-29/24 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 350000 | 350000 | 0 |
| | പ്രൊ.നം-109/24 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 500000 | 500000 | 0 |
| | **ആകെ** | **850000** | **850000** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ എസ് ഇ ബി | വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ(181/24) | 22300105/30.05.23 | 72050 | 72050 | 20883 |
| | | 22300165/18.06.23 | 20883 | | |
| ആകെ | | | 92933 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 21989090 | 3108594 | 1549588 | 0 | 23548096 |

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20000000 |
| തൻവർഷം നിക്ഷേപിച്ച തുക | 1450000(പലിശയിനത്തിൽ വന്നത്) |
| ആകെ | 21450000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1450000(പലിശയിനത്തിൽ വന്നത്) |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000000 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 20000000 | 325719/30.11.2022 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000000 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1991-92 | 1-10 | 10 | താച്ചപ്പറമ്പിൽ പാത്തുമ്മ | 1230100431/12.05.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2-3 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നില്ല | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |
| 1 | 2008-09 | 3-3, 3-4p | എ.എ.ടെസ്സീല സെക്രട്ടറി | LF 6611/ Spl.Cell/C4 D1/C5/6.3.9 | 15009 | -- | 0 | 15009 | |
| 2 | 2008-09 | 3-9 3-10 3-11 | എസ്. മനോജ്, കൃഷി ഓഫീസർ | LF 6611/ Spl.Cell/C D1/C5/6.3.9 | 35000 | -- | -- | 35000 | |
| 3 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.Cell/Sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 20,72,31,332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 19,64,24,631 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 16,97,967 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 15769 | ശ്രീ. ആരിഫ്.എം , ഹെഡ് മാസ്റ്റർ |
| 1-18 | 8100 | ശ്രീ. ആരിഫ്.എം , ഹെഡ് മാസ്റ്റർ |
| 1-20 | 154500 | Dr.സബീല. പി.പി, ( PEN 683575), മെഡിക്കൽ ഓഫീസർ, FHC മാറാക്കര |
| 1-26 | 100000 | ശ്രീ. അബ്ദുൾ സലീം, കൃഷി ഓഫീസർ |
| 1-27 | 20883 | ശ്രീ.മിഥുൻകൈലാസ്,സെക്രട്ടറി |
| 1-31 | 192900 | ശ്രീമതി.ബിജി.എസ്,സെക്രട്ടറി ഇൻചാർജ്ജ് |
| 1-32 | 48738 | ശ്രീമതി.ബിജി.എസ്,സെക്രട്ടറി ഇൻചാർജ്ജ് |
| 1-32 | 27646 | ശ്രീ.അഹമ്മദ് ഉസ്മാൻ.സി,സെക്രട്ടറി |
| 1-33 | 1125431 | Dr.സബീല. പി.പി, ( PEN 683575), മെഡിക്കൽ ഓഫീസർ, FHC മാറാക്കര. |
| 1-40 | 4000 | ശ്രീമതി സൈനബ കെ.ടി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | 1697967 | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |

| | | |
|---|---|---|
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 2002-03 | കെ.എസ്.എ.എം.പി.എം.13/3065/23(14) തിയ്യതി 27.05.2023 | 6 |
| 2004-05 | കെ.എസ്.എ.എം.പി.എം.13/3065/23(16) തിയ്യതി 27.05.2023 | 7 |
| 2005-06 | കെ.എസ്.എ.എം.പി.എം.13/3065/23(17) തിയ്യതി 27.05.2023 | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.13/3065/23(18) തിയ്യതി 05.09.2023 | 6 |
| 2007-08 | കെ.എസ്.എ.എം.പി.എം.13/3065/23(19) തിയ്യതി 29.05.2023 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം.13/3065/23(20) തിയ്യതി 05.09.2023 | 7 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.13/3065/23(21) തിയ്യതി 29.05.2023 | 14 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.13/3065/23(22) തിയ്യതി 29.05.2023 | 7 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.13/3065/23(23) തിയ്യതി 29.05.2023 | 5 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 3 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/1826/2017 തിയ്യതി 25.04.2023 | 6 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി 28.04.2023 | 5 |
| 2018-19 | കെ.എസ്.എ.എം.പി.എം13/760/2020 തിയ്യതി 28.04.23 | 7 |
| 2019-20 | കെ.എസ്.എ.എം.പി.എം13/194/2022 തിയ്യതി-28.04.23 | 4 |
| 2020-21 | കെ.എസ്.എ.എം.പി.എം13/195/2022 തിയ്യതി 28.04.2023 | 7 |
| 2021-22 | കെ.എസ്.എ.എം.പി.എം13/3095/22 തിയ്യതി-02-02-2024 | 3 |
| 2022-23 | കെ.എസ്.എ.എം.പി.എം13/2268/23 തിയ്യതി-06-03-2024 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ്.9/2024

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 28-06-2024 and submitted on 01-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Marakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Marakkara Grama Panchayat as on 31-03-2024

**Date: 08/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Marakkara Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1. Reconcilliation of Bank accounts are not done regularly
2.Deposit register is not updated.
3.Advance register is not updated.
4.Auction register is not updated.
5. Balance in Treasury account [subtreasury valanchery(A/C No: 799011400003088)] is 0 as per the bank book but it is 17,12,002/-as per shedule RP40(b)
6.Expenditure in the development fund general does not match with A.C.R.
7.Advance given to N.R.E.G.S is 1440379/- as RP-49 .But it is 1448240/- as per N.R.E.G.S cash book abstract.
8. As per Para No.181/24 an amount of Rs.92,933 was deposited at KSEB, but the utilisation certificate of Rs.20883 which is still pending and not included in the B-18 schedule,

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്